ഉത്തരം

(എ ആന്റ് ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതു സംബന്ധിച്ച് സർക്കാരിൽ പരാതിയൊന്നും ലഭിച്ചിട്ടില്ല. എന്നാൽ നോർക്കാ വകുപ്പിന്റെ ഫീൽഡ് ഏജൻസിയായ റൂട്ട്സ് പോലീസിൽ പരാതി നൽകുകയും കുറ്റക്കാരെ പോലീസിന് കൈമാറുകയും ചെയ്തിട്ടുണ്ട്.

(സി) ഇതു സംബന്ധിച്ച് അന്വേഷണം നടത്തുന്ന തിരുവനന്തപുരം മ്യൂസിയം പോലീസ് വ്യാജ സർട്ടിഫിക്കറ്റുകൾ തയ്യാറാക്കി നൽകുന്ന സംഘത്തിൽപ്പെട്ട 2 പേരെ കഴിഞ്ഞ ദിവസം അറസ്റ്റ് ചെയ്തിട്ടുണ്ട്. അന്വേഷണം തുടരുന്നുണ്ട്.

റൂട്ട്സിലെ സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ

414 [2478] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യത്തിന് ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവനന്തപുരത്ത് നോർക്കയുടെ ആഭിമുഖ്യത്തിൽ ആരംഭിച്ച റൂട്ട്സ് എന്ന സ്ഥാപനത്തിൽ നാളിതുവരെ അറ്റസ്റ്റേഷനായി ലഭിച്ചിട്ടുള്ള അപേക്ഷകളിൽ ഇനി അറ്റസ്റ്റ് ചെയ്യാൻ എത്ര എണ്ണം ബാക്കിയുണ്ട് എന്ന് അറിയിക്കാമോ?

ഉത്തരം

14-7-2004 വരെയുള്ള കണക്കനുസരിച്ച് ഇനി 4191 സർട്ടിഫിക്കറ്റുകൾ അറ്റസ്റ്റ് ചെയ്യുവാൻ ബാക്കിയുണ്ട്.

വടകരയിലെ എൻ. ആർ. ഐ. ഫോറം

415 [2479] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര പാർലമെന്റ് മണ്ഡലം ഉൾക്കൊള്ളുന്ന പ്രദേശത്തുള്ള എൻ. ആർ. ഐ.-ക്കാർ ചേർന്നു വടകര എൻ. ആർ. ഐ. ഫോറം രൂപീകരിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ സംഘടനയ്ക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകാൻ കഴിയുക എന്നു വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) എൻ. ആർ. ഐ. സംഘടനകൾക്ക് ആനുകൂല്യങ്ങൾ നൽകുന്ന പദ്ധതികളൊന്നും ഇപ്പോൾ സർക്കാരിൽ നിലവിലില്ല.

LIBRARY ARCHIVES Kerala Legislative Assembly

നക്ഷത്രചിഹ്നമിടാത്ത 2294, 2315, 2320, 2333, 2384, 2402, 2429, 2443, 2458, 2459, 2464 എന്നീ ചോദ്യങ്ങളുടെ ഉത്തരങ്ങൾ ലഭ്യമായിട്ടില്ല.

(3) വൈകിക്കിട്ടിയ ഉത്തരങ്ങൾ

കുറ്റാന്വേഷണത്തിലെ കാലവിളംബം ഒഴിവാക്കാനുള്ള നടപടി

416 [2508] ശ്രീ. തോമസ് ഉണ്ണിയാടൻ:

,, സ്റ്റീഫൻ ജോർജ്ജ്:

ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:

ശ്രീ. ജോസഫ് എം. പുതുശ്ശേരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നടക്കുന്ന കൊലപാതകങ്ങളിൽ പലതിന്റേയും അന്വേഷണം ഫലപ്രദമാക്കാത്തതുമൂലം ജനങ്ങളിൽ ഭീതി വർദ്ധിക്കുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കുറ്റാന്വേഷണം ത്വരിതപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് സർക്കാർ ലക്ഷ്യമിട്ടിട്ടുള്ളത്;

(സി) കുറ്റകൃത്യങ്ങൾ തെളിയിക്കുന്നതിൽ ശാസ്ത്രീയവും മനഃശാസ്ത്രപരവുമായ രീതികൾ അവലംബിക്കുമോ; എങ്കിൽ വിശദമാക്കാമോ;

(ഡി) പോലീസ് അറസ്റ്റ് ചെയ്യുന്ന കുറ്റവാളികൾ ശിക്ഷിക്കപ്പെടാതെയോ ശിക്ഷിക്കപ്പെടും മുമ്പോ രക്ഷപെടുന്ന സ്ഥിതി ഇല്ലാതാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ഇ) ജയിലുകളിൽ ശിക്ഷിക്കപ്പെട്ട് തടവനുഭവിക്കുന്ന കുറ്റവാളികൾ ഒരു വിഭാഗം ജയിലിനു പുറത്തേക്കാൾ ആർഭാടത്തോടുകൂടി ജീവിക്കുന്ന സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ജയിൽവാസികളിൽ വലിപ്പച്ചെറുപ്പവും സ്വാധീനവും ഇല്ലാതാക്കാൻ എന്തെല്ലാം നടപടികൾക്കാണ് സർക്കാർ പദ്ധതിയിട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരളത്തിൽ നടക്കുന്ന കൊലപാതക കേസ്സുകളിൽ സമഗ്രവും കുറ്റമറ്റതുമായ അന്വേഷണങ്ങൾ ഫലപ്രദമായി നടത്തിവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly